## പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 4485 — 26.06.2014 ൽ മറുപടിക്ക്

### ലീഗൽ മെട്രോളജി വകുപ്പിന്റെ ആധുനികവൽക്കരണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. മുരളീധരൻ:<br>" തേറമ്പിൽ രാമകൃഷ്ണൻ:<br>" ബെന്നി ബെഹനാൻ:<br>" വി. ഡി. സതീശൻ: | ശ്രീ. അടൂർ പ്രകാശ്<br>(ബഹു.റവന്യൂവും കയറും വകുപ്പുമന്ത്രി) |

| | |
|---|---|
| (എ) ലീഗൽ മെട്രോളജി വകുപ്പിന്റെ പ്രവർത്തനം കാര്യക്ഷമവും ഫലപ്രദവുമാക്കാൻ ഈ സർക്കാരിന്റെ കാലത്ത് എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ടെന്ന് വിശദമാക്കാമോ; | (എ) (1). വകുപ്പിന്റെ പരിശോധന വിഭാഗം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി ഇടുക്കി , വയനാട്, കാസറഗോഡ് ജില്ലകളിൽ ഫ്ളൈയിംഗ് സ്ക്വാഡ് ആഫീസുകൾ അനുവദിച്ചു. ഇതിലേയ്ക്കായി 12 പുതിയ തസ്തികകളും അനുവദിച്ചു.<br>(2). വകുപ്പിന്റെ കാക്കനാട്ട് ഉള്ള ഗോൾഡ് പ്യൂരിറ്റി ടെസ്റ്റിംഗ് ലബോറട്ടറിയുടെ ശാക്തീകരണത്തിനായി 2 അസ്സേ മാസ്റ്റർ തസ്തികകൾ അനുവദിച്ചു. കൂടാതെ 40 ലക്ഷം രൂപ മുടക്കി പുതിയ XRF machine (എക്സറേ ഫ്ളൂറസെന്റ് മെഷീൻ) ലഭ്യമാക്കി.<br>(3). വകുപ്പിന്റെ ഭരണ സംവിധാനം ശക്തിപ്പെടുത്തുന്നതിനായി പുതിയ ജോയിന്റ് കൺട്രോളർ തസ്തിക അനുവദിച്ചു.<br>(4). വകുപ്പിന്റെ പ്രവർത്തനങ്ങൾ ഓൺലൈൻ ആക്കുന്നതിന്റെ ഭാഗമായി എൽ.എം.ഒ.എം.എസ് (ലീഗൽ മെട്രോളജി ഓപ്പറേഷൻസ് മാനേജ്മെന്റ് സിസ്റ്റം) പദ്ധതി നടപ്പിലാക്കുന്നതിന് നടപടികൾ സ്വീകരിച്ചു.<br>(5). ആരോഗ്യ മേഖലയിൽ ഉപയോഗിച്ചു വരുന്ന സ്ഫിഗ്മോമാനോമീറ്റർ (ബ്ളഡ് പ്രഷർ മീറ്റർ)-ന്റെ കൃത്യത ഉറപ്പുവരുത്തുന്ന |

തിനായി കാലിബ്രേഷൻ യൂണിറ്റ് നാഷണൽ ഫിസിക്കൽ ലബോറട്ടറി വഴി സംസ്ഥാനത്ത് ആരംഭിക്കുവാനുള്ള നടപടികൾ സ്വീകരിച്ചു.

(6). എൽ.പി.ജി പമ്പുകളിൽ വെരിഫിക്കേഷൻ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു. ഇതിനായി രണ്ട് എൽ.പി.ജി വെരിഫിക്കേഷൻ കിറ്റ് (മാസ് ഫ്ളോമീറ്റർ) ലഭ്യമാക്കി.

(7). പത്തനംതിട്ട ജില്ലയിലെ കോന്നിയിൽ വെഹിക്കിൾ ടാങ്ക് കാലിബ്രേഷൻ യൂണിറ്റ് ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചു. കൊല്ലത്ത് യൂണിറ്റ് പ്രവർത്തനം ആരംഭിച്ചു.

(8). തിരുവനന്തപുരത്ത് ഹെഡ് ക്വാർട്ടർ കോംപ്ളക്സ്, പത്തനംതിട്ടയിലെ കോന്നി താലൂക്ക് ആഫീസ് കെട്ടിടം, കൊല്ലം ജില്ലാ ആഫീസ് കെട്ടിടം എന്നിവയുടെ നിർമ്മാണ നടപടികൾ ആരംഭിച്ചു.

(9). പുതിയതായി ഒരു വെയ്ബ്രിഡ്ജ് വെരിഫിക്കേഷൻ കിറ്റ് കേന്ദ്രസഹായത്താൽ ലഭ്യമാക്കി.

(10).പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനായി വർക്കിംഗ് സ്റ്റാൻഡേർഡ് വെയിറ്റുകൾ (5 സെറ്റ്), വർക്കിംഗ് സ്റ്റാൻഡേർഡ് ബാലൻസുകൾ (62 എണ്ണം) എന്നിവ ലഭ്യമാക്കി.

(11). ഓട്ടോറിക്ഷ മീറ്ററുകളുടെ പരിശോധനയ്ക്കായി പൾസ് മീറ്ററുകൾ 15 എണ്ണം ലഭ്യമാക്കി.

(ബി) ഇതിനായി എന്തെല്ലാം സാങ്കേതിക വിദ്യകൾ വകു പ്പിൽ ഒരുക്കിയിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം;

(ബി) വകുപ്പിന്റെ പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടപ്പാക്കുന്നതിന് വകുപ്പിന്റെ വിവിധ ലബോറട്ടറികളിലായി XRF machine, സ്ഫിഗ്മോമാനോമീറ്റർ കാലിബ്രേഷൻ യൂണിറ്റ്, വെഹിക്കിൾ ടാങ്ക് കാലിബ്രേഷൻ യൂണിറ്റ്, വെയ്ബ്രിഡ്ജ് വെരിഫിക്കേഷൻ കിറ്റുകൾ, വർക്കിംഗ് സ്റ്റാൻഡേർഡ് ബാലൻസുകൾ, വർക്കിംഗ് സ്റ്റാൻഡേർഡ് വെയിറ്റുകൾ തുടങ്ങിയവ ഒരുക്കിയിട്ടുണ്ട്

| | |
|---|---|
| (സി) വകുപ്പിന്റെ ശാക്തീകരണത്തിനും പ്രവർത്തനത്തിനുമായി എന്തെല്ലാം അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കിയിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം? | (സി) എറണാകുളം ജില്ലയിൽ സെക്കൻഡറി സ്റ്റാൻഡേർഡ് ലബോറട്ടറി, ഗോൾഡ് പ്യൂരിറ്റി ടെസ്റ്റിംഗ് ലബോറട്ടറി, എല്ലാ ജില്ലാ താലൂക്ക് ആഫീസുകളിലും വർക്കിംഗ് സ്റ്റാൻഡേർഡ് ലബോറട്ടറികൾ, തിരുവനന്തപുരം, കൊല്ലം, കോഴിക്കോട് എന്നീ ജില്ലകളിൽ വെഹിക്കിൾ ടാങ്ക് കാലിബ്രേഷൻ യൂണിറ്റ് എന്നിവ പ്രവർത്തിച്ചു വരുന്നു. കൂടാതെ പത്തനംതിട്ട ജില്ലയിലെ കോന്നിയിലും തിരുവനന്തപുരത്ത് ഹെഡ് ക്വാർട്ടർ കോംപ്ലക്സിനൊപ്പവും ഓരോ വെഹിക്കിൾ ടാങ്ക് കാലിബ്രേഷൻ യൂണിറ്റ് നിർമ്മാണത്തിലിരിക്കുന്നു. |

സെക്ഷൻ ഓഫീസർ